LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2015 മാർച്ച് വാല്യം 10 ലക്കം 3

## ബൈബിളിലെ ദൈവം
## ഇന്നും ജീവിക്കുന്ന യഥാർത്ഥ ദൈവമാണ്.
## ഈ യഥാർത്ഥ ദൈവത്തിന്റെ ലക്ഷ്യം
## ദൈവത്തെ നമുക്ക് പകർന്നുതരണമെന്നതാണ്.



# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

എഡിറ്റോറിയൽ / Editorial

apostle.ദേവസ്യാ മുല്ലക്കരസാർ



സമയം നിശ്ചയമില്ലെങ്കിലും എല്ലാവർക്കും മരണം നിശ്ചയമാണല്ലൊ. പക്ഷിമൃഗാദികൾക്കും സസ്യലതാദികൾക്കും നിലവിലുള്ളതിനേക്കാൾ, വളരെ ശ്രേഷ്ഠമായ ആത്മാവ് മനുഷ്യനുണ്ട് എന്ന വേദപുസ്തകസത്യം, വേദപുസ്തകത്തിൽ വിശ്വസിക്കാത്തവർക്കും അറിവുള്ള കാര്യവുമാണ്. ബൈബിളിൽ 1 തെസ്സ.5:23-ൽ "സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും വണ്ണം കാക്കപ്പെടുമാറാകട്ടെ".

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം മരണമെന്നത് തിരുവെഴുത്തുകളിൻ പ്രകാരം ഇങ്ങനെയാണ്.

1. "കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ (മരിച്ചാൽ) കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു" (2 കൊരി.5:1).

2. "ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം കേട്ടു; അതു പറഞ്ഞത് : എഴുതുക, ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതെ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു" (വെളി.14:13).

3. "ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു" എന്ന് ലൂക്കോ.23:43-ൽ യേശു നല്ല കള്ളനോട് പറയുമ്പോൾ സ്വർഗ്ഗീയ പറുദീസയിൽ പ്രവേശിക്കുവാനുള്ള ദൈവീകക്ഷണമാണ് മരണത്തിലൂടെ ലഭിക്കുന്നത് എന്നർത്ഥം.

4. "അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു. ഇപ്പോൾ കാണാതെ വിശ്വസിച്ചുംകൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കുകയും പറഞ്ഞു തീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുകയും ചെയ്യുന്നു" എന്ന് 1 പത്രൊ.1:8,9-ൽ വായിക്കുമ്പോൾ യേശുക്രിസ്തുവിന്റെ തേജസ്സാർന്ന മുഖം നേരിട്ടു കാണുവാനുള്ള പദവിയാണ് മരണത്തിലൂടെ ലഭിക്കുന്നത് എന്നർത്ഥം.

5. "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം വരുമെങ്കിൽ ഏത് തിരഞ്ഞെടുക്കേണ്ടു എന്ന് ഞാനറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട്കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലൊ" (ഫിലിപ്പിയർ 1:21-23).

6. "ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ" എന്നു തുടങ്ങി ഹെബ്രായർ 9:27-ൽ പറയുമ്പോൾ ദൈവത്തെ നേരിൽ കാണുവാനുള്ള മുൻകൂർ അനുവാദപത്രമാണ് മരണമെന്ന് മനസ്സിലാക്കാം. എന്നാൽ ഒരു യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കാത്ത ആളിന്റെ മരണം അയാളെ നരകത്തിലേയ്ക്കു മാത്രമെ എത്തിക്കൂ. "ധനവാനായ ഒരു മനുഷ്യനുണ്ടായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ച് ദിനം പ്രതി ആഢംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ള ഒരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരക്കൽ കിടന്നു ധനവാന്റെ മേശയിൽ നിന്ന് വീഴുന്നത് തിന്ന് വിശപ്പടക്കുവാൻ ആഗ്രഹിച്ചു; നായ്ക്കളും വന്ന് അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടു പോയി. ധനവാനും മരിച്ച് അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ..." (ലൂക്കോസ്.16:19-23). ഇവിടെ ദരിദ്രൻ യഥാർത്ഥ ക്രിസ്ത്യാനിയുടെ പ്രതിനിധിയാണ്.

മത്തായി 25:41 അനുസരിച്ച് "ശപിക്കപ്പെട്ടവരെ, എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ" എന്ന തിരുവചനപ്രകാരം മരണാനന്തരം നരകത്തിലേക്ക് പോകുവാൻ സാധ്യതയുള്ളവർ, മരണത്തെയും പിശാചിനെയും പാപത്തെയും ലോകത്തെയും ജയിച്ച ക്രിസ്തുവിനെ ഹൃദയത്തിൽ ദൈവമായിസ്വീകരിച്ച് കൊണ്ട് അവനെ ആത്മാവിലും സത്യത്തിലും ആരാധി

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

ച്ച്, സകല പ്രപഞ്ചമനുഷ്യരെയും സ്നേഹിച്ച്, ആ യേശുവിനെ മറ്റുള്ളവർക്ക് പങ്കുവെച്ചുകൊടുത്തുകൊണ്ട് നിത്യതയെ പ്രാപിക്കുവാൻ കടപ്പെട്ടവരാണ്.

താൻ വീണ്ടും വരുമെന്ന് രണ്ടായിരത്തോളംവർഷങ്ങൾക്കുമുമ്പ് യേശുക്രിസ്തു പഠിപ്പിച്ചിട്ടുണ്ട്. യോഹന്നാൻ 14:2,3 വാക്യങ്ങളിൽ "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" എന്ന യേശുക്രിസ്തുവിന്റെ മഹത്തായ പ്രസ്താവനയിലൂടെ അവിടുത്തെ വീണ്ടും വരവ് നാം പ്രതീക്ഷിക്കുക തന്നെ വേണം. വീണ്ടും വരവിന്റെ ലക്ഷണങ്ങൾ മത്തായി 24-ലും, മർക്കോസ് 13-ലും, ലൂക്കോസ് 17-ലും വിവരിച്ചിട്ടുണ്ട്. മത്തായി 24-ൽ 6,7 വാക്യങ്ങളനുസരിച്ച് യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് നാം കേട്ടുകൊണ്ടിരിക്കുന്നു. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർത്തുകൊണ്ടിരിക്കുന്നു. ആഫ്രിക്കൻ രാജ്യങ്ങളുൾപ്പെടെ പലയിടത്തും ക്ഷാമവും ഭൂകമ്പവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. മത്തായി 24:5 അനുസരിച്ച് കള്ളപ്രവാചകന്മാരും കള്ള ഉപദേശിമാരും കള്ളപുരോഹിതന്മാരും ലോകത്തെങ്ങും നിറഞ്ഞുകൊണ്ടിരിക്കുന്നു. "കള്ള ക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ്, കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും" (24:24) എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

സെഖര്യാ പ്രവാചകൻ 14:12 -ൽ "അവർ നിവർന്നു നിൽക്കുമ്പോൾതന്നെ അവരുടെ മാംസം ചീഞ്ഞഴുകിപ്പോകും; അവരുടെ കണ്ണ് തടത്തിൽ തന്നെ ചീഞ്ഞഴുകിപ്പോകും; അവരുടെ നാവ് വായിൽതന്നെ ചീഞ്ഞഴുകിപ്പോകും" എന്ന് പഠിപ്പിക്കപ്പെട്ടത് ന്യൂക്ലിയർ ആയുധശേഖരങ്ങളാൽ ലോകം ഒരു ആണവയുദ്ധഭീഷണിയിൽ നീറിക്കഴിയുന്നതിന്റെ പ്രവചനം തന്നെയാണ്. മലാഖി 4:1-ൽ "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും" എന്നു പറഞ്ഞതും മുൻവചനത്തോട് നാം ചേർത്തു വായിക്കണം. 2 പത്രൊ.3:10,11,12 വചനങ്ങളിൽ പറഞ്ഞിരിക്കുന്നതും ലോകാവസാനത്തെക്കുറിച്ചും ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചും തന്നെയാണ്. "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവയൊക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനുമുള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം".

ക്രിസ്ത്യാനികളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ രക്തസാക്ഷികൾ ലോകത്തിലുണ്ടായിട്ടുള്ളത്. ഇനിയും അത് ഉണ്ടാകാൻ പോകുന്നു. മത്തായി 24:9-12 വരെയുള്ള വചനങ്ങളിൽ അവിടുന്ന പ്രവചിച്ചു "അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏൽപ്പിക്കുകയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകെക്കും. പലരും ഇടറി അന്യോന്യംഏൽപ്പിച്ചു കൊടുക്കുകയും അന്യോന്യം പകെക്കുകയും ചെയ്യും. കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും".

വിശുദ്ധ വേദപുസ്തകം നൽകുന്ന ഇത്തരം അറിവുകൾ അനുസരിച്ച് ലോകാവസാനവും അതിനു മുമ്പുള്ള ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ ഒരുക്കങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

നോഹയുടെ കാലത്തിന്റെ സവിശേഷതകൾ ഈ അന്ത്യകാലത്തും ഉണ്ടാകുമെന്ന് മത്തായി 24:37

## ഉള്ളടക്കം

യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം 02
മരണത്തെ തോൽപ്പിച്ച് ജീവിതത്തിലേക്ക് 06
സൗഖ്യം തരുന്ന ദൈവം 11
ബൈബിളിലെ ദൈവം 12
ദൈവത്തെ അറിഞ്ഞ സന്തോഷം 22
വാർത്തകൾ 34
പ്രോഗ്രാം ചാർട്ട് 35

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

എഡിറ്റോറിയൽ

-ൽ യേശുക്രിസ്തു പഠിപ്പിച്ചിരിക്കുന്നു. "നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും".

തിന്നും കുടിച്ചും കഴിയുക (മത്തായി 24:38) എന്ന ഭോജനപ്രിയമായിരുന്നു നോഹയുടെ കാലത്തിന്റെ ഒരു സവിശേഷത. ഉൽപ.10:32 അനുസരിച്ച് "ജാതി ജാതി ആയും കുലം കുലമായും" പിരിഞ്ഞുപോകുക എന്നതും നോഹയുടെ കാലത്തിന്റെ സവിശേഷതയായിരുന്നു. ഉൽ.10:11,12 വചനമനുസരിച്ച് വൻ പട്ടണങ്ങളുയരുന്നതും ഉൽപ.9:22 അനുസരിച്ച് നഗ്നതാ പ്രദർശനത്തിന്റെ കാലവും ഉൽപ.9:20,21 അനുസരിച്ച് മദ്യപാനാസക്തിയുടെ കാലവും ഉൽപ.9:5,6 വചനമനുസരിച്ച് രക്തചൊരിച്ചിലിന്റെ കാലവുമൊക്കെയാണ്, ഈ കാലവും.

അതുകൊണ്ട് യേശുക്രിസ്തുവിന്റെ പുനരാഗമനം ഇവിടെ അത്യാവശ്യമായിരിക്കുന്നു. ഒരു യുദ്ധമെങ്ങാനും ഉണ്ടായാൽ ആണവായുധങ്ങളോടൊപ്പം രാസ-ജൈവായുധങ്ങളും പ്രയോഗിക്കപ്പെടുമ്പോൾ, ജനകോടികൾ അവർ നിരപരാധികൾ എങ്കിലും ചത്തു വീഴുവാൻ, വീഴിക്കുവാൻ, പലരും കാത്തു നിൽക്കുമ്പോൾ, നിത്യത പ്രാപിക്കുവാനുള്ള ആഗ്രഹത്തോടുകൂടിയുള്ള മാനസാന്തരത്തിന്റെയും (മത്തായി.4:17, മർക്കോ.1:15) വീണ്ടും ജനനത്തിന്റെയും (യോഹ.3:3,5) ക്രിസ്തുവിന്റെ വീണ്ടെടുപ്പിലുള്ള വിശ്വാസത്തിന്റെയും (റോമ.3:23,24, യോഹ.3:16,17) അവിടുത്തെ തിരുവെഴുത്തുകൾ അനുസരിച്ച്, വെള്ളത്തിൽ മുങ്ങി വിശ്വാസസ്നാനം സ്വീകരിച്ച് (റോമ.6:1-6) വിശുദ്ധജീവിതം നയിച്ച് (2 കൊരി.7:1) കർത്തൃമേശയും സ്വീകരിച്ച് (1 കൊരി.11:23-30) ദൈവകൃപയിൽ മാത്രം ആശ്രയിച്ചുകൊണ്ട് (റോമ.11:6) ജീവിക്കേണ്ടതിന്റെ പ്രസക്തി ആർക്കും മനസ്സിലാകുമല്ലോ.

വിശുദ്ധ വേദപുസ്തകം പഠിപ്പിക്കുന്നു "മറ്റൊരുത്തനിലും രക്ഷയില്ല" (അപ്പൊ.4:12). വിശുദ്ധ വേദപുസ്തകം മുഴുവനും ദൈവനിവേശിത ഗ്രന്ഥമാണ് (2 തിമൊ.3:16). മറ്റൊരു ഗ്രന്ഥവും ദൈവനിവേശിതമല്ല. മറ്റൊരു രക്ഷകനും രക്ഷകനുമല്ല. പഴയനിയമത്തിലെ യഹോവയെ ആണ് പുതിയനിയമത്തിലെ ക്രിസ്തു ആയി നാം കണ്ടുമുട്ടുന്നത്. മനുഷ്യപുത്രനെന്നും ദൈവപുത്രനെന്നും വിശുദ്ധവേദപുസ്തകത്തിൽ പലപ്പോഴായി പലയിടത്തായി പറയപ്പെട്ട യേശുക്രിസ്തു ദൈവം തന്നെ. ഇനിയങ്ങോട്ടുള്ള അനേകം തിരുവെഴുത്തുകളിലൂടെ പരിശുദ്ധാത്മാവ് നമ്മെ അത് പഠിപ്പിച്ചു തരും.

അതിന് മുൻപ്, ആത്മീയസത്യങ്ങൾ ദൈവം തന്നെ വെളിപ്പെടുത്തിതരേണ്ടുന്ന മാർമ്മിക രഹസ്യങ്ങളാണെന്ന് നാം തിരിച്ചറിയണം. ദൈവാത്മാവ് (ക്രിസ്തുവിന്റെ ആത്മാവ്) സഹകരിച്ചാലെ ഈ സ്വർഗ്ഗീയരഹസ്യങ്ങൾ ആർക്കെങ്കിലും എഴുതുവാനും, പഠിക്കുവാനും, പഠിപ്പിക്കുവാനും കഴിയുകയുള്ളു. മനുഷ്യൻ സ്വന്തം യുക്തിയാലൊ മാനുഷികധ്യാനങ്ങളിലൂടെയൊ എന്തെങ്കിലും ദൈവത്തിന്റേതാണെന്ന് പറഞ്ഞ് എഴുതി വച്ചാൽ അവയൊന്നും ദൈവശ്വാസീയമാകയില്ല. വേദപുസ്തകത്തിൽ പ്രതിപാദിക്കപ്പെടാത്ത സന്യാസവര്യന്മാരുടേയും, നബിശ്രേഷ്ഠന്മാരുടേയും, ദൈവം വെളിപ്പെടുത്തിയവ എന്ന പേരിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ ദൈവനിവേശിതങ്ങളാണെന്ന് അംഗീകരിക്കുകയാണെങ്കിൽ ക്രിസ്തുവിലൂടെ വെളിപ്പെട്ട ത്രീയേകദൈവം കൂടാതെ വേറെയും ദൈവങ്ങളുണ്ടെന്ന് അംഗീകരിക്കേണ്ടി വരും.

മാനുഷിക ജ്ഞാനത്തിൽ രചിക്കപ്പെട്ട താത്വികഗ്രന്ഥങ്ങൾ വായിക്കുവാനും, പഠിക്കുവാനും, പ്രചരിപ്പിക്കുവാനും ഭരണഘടനയ്ക്ക് അനുസൃതമായി ഇന്ത്യ പോലെയുള്ള രാജ്യങ്ങളിൽ സ്വതന്ത്ര്യവും, സൗകര്യവും ഉണ്ടെന്നത് ദൈവം അരുളിച്ചെയ്ത സത്യമല്ല. അത് ഇന്ത്യൻജനതതിയുടെ ഒരു ദേശീയ സ്വത്വമാണ്. ഇതുപോലെയുള്ള ദേശീയ സ്വത്വങ്ങൾ ചൈനയിലും, സൗദിഅറേബ്യയിലും മറ്റനേകം സങ്കുചിത മതരാഷ്ട്രീയ ചിന്തകളുള്ള രാജ്യങ്ങളിലും ഏറെ താമസിയാതെ ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഉണ്ടായാലും ഉണ്ടായില്ലെങ്കിലും വെളിപ്പാടുകൾ ദൈവത്തിൽ നിന്ന് മാത്രം ലഭിക്കുന്നതാണ്. ഇവിടെ മാനുഷികജ്ഞാനത്തിന് യാതൊരു സ്ഥാനവുമില്ല. അനേകം ജാതി-മത ആചാരാനുഷ്ഠാന ദർശനങ്ങൾ (അവയെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും) ദൈവം വെളിപ്പെടുത്തികൊടുത്തു എന്നത് ഉപദേശപരമായ ഒരു അബദ്ധസിദ്ധാന്തമാണ്.

മോശ, ദാവീദ്, യെശയ്യാവ് തുടങ്ങി, പഴയനിയമകാലത്ത്, ദൈവം തെരഞ്ഞെടുത്തവരിലൂടെ അല്ലാതെ, നിർദ്ദിഷ്ട ദൈവീക വെളിപ്പാടുകൾ അവിടുന്ന് മാനവജാതിക്ക് നൽകിയിട്ടില്ല. പുതിയനിയമകാലത്ത്, മത്തായി, യോഹന്നാൻ, പത്രോസ്,പൗലോസ് മുതലായവരിലൂടെ ദൈവം യഥാർത്ഥ വെളിപ്പാടുകൾ മാനവജാതിക്ക് നൽകി .ശേത്തിൽ തുടങ്ങി മെഥൂശലേഹിന്റെ വംശത്തിലൂടെ ദൈവം, തന്നെ വെളിപ്പെടുത്തിയതും അബ്രഹാമിനെ പ്രത്യേകം തിരഞ്ഞെടുത്ത് തന്റെ വഴികളിലൂടെ ദൈവം അവരെ നടത്തിയതും നാം മോശ തുടങ്ങിയവരുടെ പഞ്ചഗ്രന്ഥങ്ങൾ എന്ന പുസ്തകപരമ്പരയിലൂടെ തിരിച്ചറിയുന്നു. മലാഖി പുസ്തകത്തോടെ പഴയനിയമകാനോൻ പൂർണ്ണതയിലെത്തുമ്പോൾ, നാനൂറ് വർഷങ്ങൾക്കുശേഷം ഒരു നൂറ്റാണ്ടുകൊണ്ട് 27 പുസ്തകങ്ങളാൽ പുതിയനിയമകാനോനും പൂർത്തിയാവുകയായിരുന്നു. ഇപ്പോൾ ഈ കൃപാ

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

യുഗത്തിൽ, സഭാ യുഗത്തിലൂടെ ശിഷ്യത്വം നെഞ്ചേറ്റി ലാളിക്കുന്ന ഒരു കൂട്ടം ക്രിസ്ത്യാനികളിലൂടെ പരിശുദ്ധാത്മ-കൃപാവരസത്യങ്ങളനുഭവിച്ച്, രക്ഷ പ്രാപിക്കാൻ വിളിക്കപ്പെട്ട എല്ലാവരും അവിടുത്തെ വീണ്ടും വരവിന് ഇതാ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഇതാണ് സത്യം. ഇതു മാത്രമാണ് സത്യം. "അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല. ലോകം അവനാൽ (യേശുക്രിസ്തുവിനാൽ) രക്ഷിക്കപ്പെടുവാനത്രെ. അവനിൽ (യേശുക്രിസ്തുവിൽ) വിശ്വസിക്കുന്നവന് ന്യായവിധിയില്ല; വിശ്വസിക്കാത്തവന് (ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ) ന്യായവിധി വന്നു കഴിഞ്ഞു" (യോഹ.3:15–18).

ന്യായവിധിയിൽ ആരും തകരാതിരിക്കാനാണ് ക്രിസ്തു ക്രൂശിൽ തകർന്നത് എന്ന് ദൈവാത്മാവ് ഉള്ളവർക്കേ മനസ്സിലാവൂ. അങ്ങനെ മനസ്സിലായാൽ പർവ്വതങ്ങളും താഴ്വരകളുമുള്ള ജീവിതയാത്രയിൽ, അനുഭവങ്ങളുടെ വെള്ളച്ചാട്ടങ്ങളും, അരുവികളുമുള്ള പാതയോരങ്ങളിലൂടെ യാത്ര ചെയ്ത്, ഒരു കാട്ടുപൂഞ്ചോലയുടെ തണലിൽ വിശ്രമിക്കുന്ന അവസ്ഥയാണ് മനുഷ്യാത്മാവിനുണ്ടാകുന്നത്.

ദൈവശ്വാസീയമായ ഏകഗ്രന്ഥം ബൈബിൾ ആകയാൽ 2 തിമൊ.3:16,17–ൽ ഇപ്രകാരം അതിന്റെ തെളിവ് ഹാജരാക്കപ്പെടുന്നു. "എല്ലാ തിരുവെഴുത്തും ദൈവശാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതീയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു". എല്ലാ തിരുവെഴുത്തും എന്നതിന്റെ അർത്ഥം ഉൽപ്പത്തി മുതൽ വെളിപാടു വരെയുള്ള 66 പുസ്തകങ്ങളിലേയും തിരുവെഴുത്തുകൾ എന്നാണ്. മാത്രമല്ല, ബൈബിളിലെ തിരുവചനങ്ങളൊന്നും പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ഇല്ലാത്തവർക്ക് വ്യാഖ്യാനിക്കാനുള്ളവയല്ല. കാരണം ഇതിന്റെ യഥാർത്ഥ എഴുത്തുകാരൻ പരിശുദ്ധാത്മാവും, പരിശുദ്ധാത്മാവിന്റെ നിർദ്ദേശപ്രകാരം, 38 എഴുത്തുകാർ പരിശുദ്ധാത്മാവിന്റെ കൈയിലെ ഉപകരണങ്ങളായവരുമാണ്. "തിരുവെഴുത്തിലെ പ്രവചനങ്ങളൊന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നും ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകൽപ്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ച് സംസാരിച്ചതത്രെ" (2 പത്രൊ.1:20,21).

മറ്റേതൊരു പുസ്തകത്തേക്കാളും ഏറ്റവും പഴക്കമുള്ളതും ഏറ്റവും പുതുമയുള്ളതും ഏറ്റവുമധികം കാലദൈർഘ്യത്തിൽ എഴുതപ്പെട്ടതും ബൈബിൾ തന്നെയാണ്. ബൈബിളിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നു. ബൈബിൾ വചനങ്ങൾ നമ്മെ രൂപാന്തരപ്പെടുത്തുകയും സ്വർഗ്ഗത്തിൽ എത്തിക്കുകയും ചെയ്യുന്നു. ശാസ്ത്രീയമായി വളരെ കൃത്യതയുള്ള ബുക്കും ആണ്. ഇത് യെശയ്യാവ് 40–ൽ 22–ാം വാക്യം ഇങ്ങനെയാണ്. "അവൻ ഭൂമണ്ഡലത്തിൻമീതെ അധിവസിക്കുന്നു". ഇവിടെ ഭൂമണ്ഡലത്തിൻ മീതെ എന്നതിനുവേണ്ടി ഹെബ്രായഭാഷയിൽ '**ചുവാഗ്**' എന്ന ഹെബ്രായപദമാണ് ഉപയോഗിച്ചിരിക്കുന്നത്. വൃത്തം, ഗോളം എന്നതൊക്കെയാണ് ഇതിന്റെ അർത്ഥം. ഭൂഗോളത്തിന്റെ ആകൃതി പരന്നതാണ് എന്ന് ഖുറാൻ പറഞ്ഞതിനേപ്പറ്റി ഞാനൊരു ഖുറാൻ പണ്ഡിതനോട് ചോദിച്ചപ്പോൾ ഭൂമിയെ ഒരു വിരിപ്പാക്കിയതെന്നാണ് അതിന്റെ അർത്ഥമെന്ന് അദ്ദേഹം പറഞ്ഞുതന്നത്. എന്നാൽ അറബിയും മലയാളവും ചേർത്ത ഖുറാന്റെ സമ്പൂർണ്ണ പരിഭാഷയും വ്യാഖ്യാനവും വായിച്ചപ്പോൾ (ആ ബുക്ക് കറന്റ് ബുക്സ് പ്രസിദ്ധീകരിച്ചതാണ്, കെ.അലവിമൗലവിഫാ
റൂക്കി പരിശോധകനായുള്ളതാണ്)

സൂറാ.15–19 നെ മലയാളത്തിൽ ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. "ഭൂമിയെ നാം വിശാലമാക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങൾ സ്ഥാപിക്കുകയും അളവ് നിർണ്ണയിക്കപ്പെട്ട എല്ലാ വസ്തുക്കളും അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു". മറ്റൊരു ഡി.സി.ബി പ്രസിദ്ധീകരണം വായിച്ചപ്പോൾ (അതിന്റെ വിവർത്തകർ കെ. അബ്ദുറഹ്മാൻ, പി.എ. കരീം. കെ.എ റൗഇഫ് എന്നിവരാണ്. ഈ ഖുറാൻ പരിഭാഷയുടെഉപദേശകൻ സി.എൻ അഹമ്മദ് മൗലവിയാണ്) സൂറാ 15–19 ൽ ഇങ്ങനെ കാണുന്നു. "ഭൂമിയെ നാം


Editorial Board

ചീഫ് എഡിറ്റർ:
ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ:
പാ: ജോയിച്ചൻ
പാ: അബ്രാഹം , പാ: ജോർജ്ജ്
പാ:സോജൻ, പാ: യേശുദാസ്
പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ് : ജോസഫ് ഫ്രാൻസിസ്
ഡി.റ്റി.പി : സ്നേഹ ജോയിച്ചൻ
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെറിയാൻ
സ്റ്റിൽസ്: രഞ്ജിത്ത് പള്ളിച്ചൽ
ലേഔട്ട് & ഡിസൈൻ
ജീമോൻ

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

എഡിറ്റോറിയൽ

പരത്തിയിരിക്കുന്നു. ഭാരിച്ച പർവ്വതങ്ങൾ അതിൽ നാം സ്ഥാപിച്ചിരിക്കുന്നു. സകല വസ്തുക്കളെയും അനുയോജ്യമായ നിലയിൽ നാം അതിൽ ഉൽപ്പാദിപ്പിച്ചിരിക്കുന്നു". ഇതിൽ ഞാൻ വായിച്ച ഖുറാൻ പരിഭാഷ ശരിയാണെങ്കിൽ ശാസ്ത്രീയമായി ഖുറാൻ എഴുതിയവർക്കോ, തർജ്ജിമ ചെയ്തവർക്കോ ആർക്കെങ്കിലും ഒരാൾക്ക് തെറ്റു പറ്റുകതന്നെ ചെയ്തു. ലോകത്തിലെ അറുനൂറിനും എഴുനൂറിനും കോടി മനുഷ്യരുടെയിടയിൽ പുസ്തകങ്ങളേക്കുറിച്ചും അതിന്റെ ആശയങ്ങളേക്കുറിച്ചും കലഹമുണ്ടാകാതെയിരിക്കട്ടെ എന്ന പ്രാർത്ഥനയോടൊപ്പം തെറ്റ് എപ്പോഴും തെറ്റാണെന്നും, ശരി എപ്പോഴും ശരിയാണെന്നും പ്രസ്താവിച്ചുകൊള്ളട്ടെ.

ഭൂമിയുടെ ഗോളാകൃതിയേക്കുറിച്ച് ബൈബിളിലെ സദൃശവാക്യങ്ങൾ എന്ന പുസ്തകത്തിൽ 8- ന്റെ 27-ൽ "അവൻ ആകാശത്തെ ഉറപ്പിച്ചപ്പോൾ ഞാൻ അവിടെയുണ്ടായിരുന്നു; അവൻ ആഴത്തിന്റെ ഉപരിഭാഗത്ത് വൃത്തം വരച്ചപ്പോഴും" എന്ന ഭാഗം വായിക്കുമ്പോൾ ദൈവം സൃഷ്ടിച്ച ഭൂമി ഉൾപ്പെടെ ഗോളാകൃതി ആണെന്ന് നാം തിരിച്ചറിയുന്നു. "ആ രാത്രിയിൽ രണ്ട് പേർ ഒരു കിടക്കമേലായിരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒന്നിച്ചു പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും; മറ്റവളെ ഉപേക്ഷിക്കും. രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു". (ലൂക്ക.17:34,35,36). യേശുക്രിസ്തുവിന്റെ രണ്ടാം വരവിന്റെ സമയത്ത് വിവിധ പ്രദേശങ്ങ



എന്റെ പേര് പൊന്നമ്മ. മകന്റെ പേര് സനീഷ്. ഞങ്ങൾ കോട്ടയം ജില്ലയിലെ കല്ലറ എന്ന സ്ഥലത്ത് താമസിക്കുന്നു. ഞങ്ങൾ കർത്താവിനെ അറിഞ്ഞതിനുശേഷം എണ്ണിയാൽ ഒടുങ്ങാത്ത നന്മകളാണ് കർത്താവ് ഞങ്ങൾക്ക് തന്നിരിക്കുന്നത്. എന്റെ മകന് ഏഴ് വർഷങ്ങൾക്കുമുമ്പ് ഒരു ബൈക്ക് ആക്സിഡന്റ് ഉണ്ടാകുകയും തലയോട്ടി തന്നെ തകർന്നു പോകുകയും ചെയ്തു. ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ 48 മണിക്കൂറിനുശേഷം എന്തെങ്കിലും പറയാമെന്നായി ഡോക്ടർ. ഞങ്ങൾക്ക് യേശുവിനേക്കുറിച്ച് ഒന്നും അറിയാത്ത കാലഘട്ടമായിരുന്നു അത്. എങ്കിലും എന്റെ കർത്താവ് അവന്റെ രാജ്യത്തിൽ എന്നെയും ചേർക്കാൻ മനസ്സുവച്ചതിനാൽ എന്റെ മകൻ മരണത്തെ തോൽപ്പിച്ച് ഡോക്ടർമാരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ജീവിതത്തിലേക്ക് തിരിച്ചു വന്നു. മാസത്തോളം കിടന്ന കിടപ്പിലും സംസാരിക്കാൻവയ്യാതെയും ആയിരുന്നു.

നാലു വർഷങ്ങൾക്കുമുമ്പ് ഞങ്ങൾ യേശുവിനെ അറിയുകയും പ്രാർത്ഥനകളിൽ സ്ഥിരമായി പങ്കെടുക്കുകയും കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാനും തുടങ്ങിയപ്പോൾ എന്റെ മകന്റെ ജീവിതത്തിൽ ഒത്തിരി മാറ്റങ്ങൾ കണ്ടുതുടങ്ങി. തലയോട്ടിയുടെ തകർന്ന ഭാഗത്ത് മാംസം വന്നുമൂടി. മകനുണ്ടായിരുന്ന സംസാരിക്കുവാനുള്ള ബുദ്ധിമുട്ടും കണ്ണിനുണ്ടായിരുന്ന പ്രശ്നങ്ങളും കേൾവിക്കുറവും എല്ലാം ദേവസ്യാസാറിന്റെ പ്രാർത്ഥനയാൽ യേശു എടുത്തു മാറ്റി. കൂടാതെ എനിക്ക് 6 മാസമായി വലതുകാലിന്റെ മുട്ടിനും ഇടതുകാലിന്റെ കണ്ണക്കും നീരുണ്ടായിരുന്നു. നടക്കുവാനൊക്കെ ബുദ്ധിമുട്ടായിരുന്നു. ഏറ്റുമാനൂരിൽ ദേവസ്യാമുല്ലക്കരസാർ വന്നപ്പോൾ ആ പ്രാർത്ഥനയിൽ വെച്ച് യേശു എന്റെ കാലിന്റെ നീരൊക്കെ മാറ്റി. കണ്ണിനുണ്ടായിരുന്ന മൂടലും മാറി. എല്ലാം കർത്താവിന്റെ കൃപ. Ph:9562859780

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

ളിൽ വിവിധ സമയമായിരിക്കുമെന്നും ഭൂമിക്ക് ഗോളാകൃതിയാണെന്നും നമുക്ക് ഗ്രഹിക്കാം. ഭൂമി പരന്നതായിരുന്നുവെങ്കിൽ എല്ലായിടത്തും ഒരേ സമയമാകുമായിരുന്നു.

ഇനിയും, ബൈബിളിന്റെ ദൈവീകത, എന്ന നൈനാൻ മാത്തുള്ളയുടെ ഒരു ബുക്കിൽ (അമേരിക്കയിലെ ബിവി പബ്ലിഷിംഗ് കമ്പനിക്കാർ ഇറക്കിയ ബുക്കാണ്) ഓരോ ചാപ്റ്ററും തീരുമ്പോൾ അനേകം വാക്യങ്ങൾ ഖുറാനിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് ഒത്തിരി സംശയങ്ങൾ അദ്ദേഹം ഉയർത്തിയിട്ടുണ്ട്. അറബി ഭാഷ പഠിച്ച് അർത്ഥതലങ്ങൾ ആധികാരികമായി പഠിക്കുന്നിടം വരെ യാതൊരു വാദകോലാഹലങ്ങളിലേക്കും ഈ ലേഖകൻ കടക്കാനിഷ്ടപ്പെടുന്നില്ല. എന്നാൽ ബൈബിൾ യാതൊരു ശാസ്ത്രസത്യങ്ങൾക്കും എതിരല്ലെന്നും പ്രഖ്യാപിക്കുന്നതിൽ അഭിമാനമുണ്ട്. ബൈബിളിലെ ആദ്യ ഗ്രന്ഥമായ ഉൽപ്പത്തി പുസ്തകത്തിൽ 1-ാം അദ്ധ്യായം 1-ാം വാക്യം ആരംഭിക്കുന്നത് 'ആദിയിൽ' എന്നു പറഞ്ഞുകൊണ്ടാണ്. ഈ പ്രയോഗം സമയത്തെ കാണിക്കുന്നു. ദൈവം ആകാശം സൃഷ്ടിച്ചതിനേക്കുറിച്ച് പിന്നീട് കാണുന്നു. 'ആകാശം' എന്നത് വായുവിനെ സൂചിപ്പിക്കുന്നു. പിന്നീട് ഭൂമിയെ സൃഷ്ടിച്ചു എന്ന് നാം വായിക്കുന്നു. 'ഭൂമി' പദാർത്ഥത്തെ സൂചിപ്പിക്കുന്നു. "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചു" എന്നു തുടർന്ന് വായിക്കുന്നു. ഇത് ചലനശക്തിയെ സൂചിപ്പിക്കുന്നു. "വെളിച്ചം ഉണ്ടാകട്ടെ" എന്ന് തൊട്ടടുത്ത് വായിക്കുന്നു. വെളിച്ചം ഊർജ്ജത്തെ സൂചിപ്പിക്കുന്നു.

ഈയ്യോബിന്റെ പുസ്തകം 26 -ന്റെ 7-ൽ ഉത്തരദിക്കിനെ അവൻ ശൂന്യത്തിമേൽ വിരിക്കുന്നു. ഭൂമിയെ നാസ്തിത്വത്തിൻമേൽ തൂക്കുന്നു എന്ന ഭാഗം വായിക്കുമ്പോഴും ഹെബ്രായർ 1-ന്റെ 3-ൽ "അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും" എന്നും നാം വായിച്ചു പഠിക്കുമ്പോഴും ഭൂമി ശൂന്യതയിൽ നിൽക്കുന്നു എന്ന ശാസ്ത്രസത്യം ബൈബിൾ ഉറക്കെ പ്രഖ്യാപിക്കുകയാണ്. ബൈബിൾ രചനയോടെ, അത് 38 മാനുഷികകരങ്ങളാലാണ് നിർമ്മിച്ചതെങ്കിലും, എഴുത്തുകാരൻ **പരിശുദ്ധാത്മാവ് ആയതുകൊണ്ട്** ശാസ്ത്രസത്യങ്ങളുൾപ്പെടെ എല്ലാ സത്യങ്ങൾകൊണ്ടും അത് പൂർണ്ണമാണ്. ഇത്തരം ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ പ്രസിദ്ധ ശൂന്യാകാശ നിരീക്ഷകനായ കോപ്പർ നിക്കസ് AD 1543 -ൽ കണ്ടുപിടിച്ചുവെങ്കിൽ, പ്രവാചകനായ മോശയും ശലോമോനും ഒക്കെ ഏകദേശം 3500 വർഷങ്ങൾക്കുമുമ്പെ ഇത് മനസ്സിലാക്കി. ഇനിയും ബൈബിളിൽ നിന്നും ശാസ്ത്രത്തിന് യോജിച്ച, ശാസ്ത്രത്തെ ഒരിക്കലും തെറ്റിദ്ധരിപ്പിക്കാത്ത അനേകം കാര്യങ്ങളുണ്ടെങ്കിലും ഈ ലേഖനത്തിന്റെ ലക്ഷ്യം യേശുവിന്റെ സത്യദൈവത്വം തെളിയിക്കലായതുകൊണ്ട് മറ്റനേകം കാര്യങ്ങൾ അൽപ്പാൽപ്പമായി സൂചിപ്പിച്ചുകൊണ്ട് കടന്നുപോകുന്നു.

യേശുവിന്റെ ജനനത്തോടുകൂടെ അനേകം പ്രവചനങ്ങൾ നിറവേറിക്കഴിഞ്ഞു. ലോകാവസാനത്തോട് ബന്ധപ്പെട്ട അനേകം പ്രവചനസത്യങ്ങൾ ഇനി നിറവേറേണ്ടതായിട്ടുണ്ട്. ബൈബിൾ ദൈവത്തിന്റെ വാഗ്ദത്തഗ്രന്ഥമാണ്. "ജ്ഞാനി എവിടെ ? ശാസ്ത്രി എവിടെ ? ഈ ലോകത്തിലെ താർക്കികൻ എവിടെ ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്തമാക്കിയില്ലയോ ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്തത്താൽ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നി"(1 കൊരി.1:20,21).

ദൈവവചനപ്രസംഗത്തിന്റെയും, ശ്രവണത്തിന്റെയും ഭോഷത്തത്താൽ വിശ്വസിക്കുന്നവരെ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നിയപ്പോൾ, ബൈബിൾ ആളുകൾ ശ്രദ്ധവെച്ച് പഠിക്കാൻ തുടങ്ങി.

ഈ വിഷയങ്ങൾ പഠിക്കുമ്പോൾ - അതിനുമുമ്പും അതോടുകൂടിയും തിരിച്ചറിയേണ്ട നിരവധി ബൈബിൾ സംബന്ധിയായ കാര്യങ്ങൾ ഉണ്ട്.

1. ദൈവം എന്ന പ്രത്യേക വിഷയധാരിയായ "തെയോസി"നെ സംബന്ധിച്ച തിയോളജി.
2. മനുഷ്യശാസ്ത്രം എന്ന ആന്ത്രോപ്പോളജി
3. പാപശാസ്ത്രം എന്ന ഹമാർട്ടിയോളജി.
4. വേദപുസ്തകശാസ്ത്രം എന്ന ബിബ്ലിയോളജി.
5. ക്രിസ്തുശാസ്ത്രം എന്ന ക്രിസ്റ്റോളജി
6. കർത്താവ് എന്ന പദത്തിന്റെയും ആശയത്തിന്റെയും ഉണ്മ
7. ക്രിസ്തുവിന്റെ ആളത്വം.
8. ക്രിസ്തുവിന്റെ മനുഷ്യപ്രകൃതി
9. ക്രിസ്തുവിന്റെ പ്രവൃത്തികൾ.
10. ക്രിസ്തുവിന്റെ സഹനപ്രവൃത്തികൾ.
11. യേശുവിന്റെ താഴ്മ ധരിക്കൽ.
12. ക്രിസ്തുശാസ്ത്രത്തിലെ യേശുവിന്റെ മരണം, അടക്കം, ഉത്ഥാനം.
13. ക്രിസ്തുശാസ്ത്രത്തിലെ രക്ഷാശാസ്ത്രം എന്ന സൊറ്റീരിയോളജി (വിശ്വാസവും, മാനസാന്തരവും, വീണ്ടുംജനനവും, രക്ഷയും വീണ്ടെടുപ്പും, നീതീകരണവും, വിശുദ്ധീകരണവും, തേജസ്ക്കരണവും, മഹത്വീ

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

എഡിറ്റോറിയൽ

കരണവും)

14. സഭാശാസ്ത്രം എന്ന എക്ലീസിയോളജി (സഭയുടെ ഉദ്ദേശ്യങ്ങൾ, സഭയിൽ കടന്നുകൂടിയ ദുരുപദേശങ്ങൾ, സഭ-ക്രിസ്തുവിന്റെ ശരീരം)

15. പരിശുദ്ധാത്മശാസ്ത്രം എന്ന ന്യൂമറ്റോളജി (പരിശുദ്ധാത്മാവിന്റെ ആളത്വം, ദൈവത്വം, പ്രവർത്തനം, വരദാനങ്ങൾ, ഫലം)

16. പ്രപഞ്ചോൽപ്പത്തിശാസ്ത്രം എന്ന കോസ്മറ്റോളജി.

17. ദൂതശാസ്ത്രം എന്ന എയ്ഞ്ചലോളജി

18. ഭൂതശാസ്ത്രം എന്ന ഡീമനോളജി

19. ധർമ്മശാസ്ത്രം or നീതിശാസ്ത്രം എന്ന ഡീയോൻടോളജി

20. അന്ത്യകാലശാസ്ത്രം എന്ന എസ്ക്കറ്റോളജി (യേശുവിന്റെ മടങ്ങിവരവ്, മഹോപദ്രവകാലം, എതിർക്രിസ്തു, സഭയുടെ ഉൾപ്രാപണം, കുഞ്ഞാടിന്റെ കല്യാണം, ന്യായവിധികൾ, മഹത്വപ്രത്യക്ഷത, ഹർമ്മഗെദ്ദോൻ യുദ്ധം, സഹസ്രാബ്ദവാഴ്ച, ഗോഗ്-മാഗോഗ് യുദ്ധം, അന്ത്യ കാല ന്യായവിധിയും സ്വർഗ്ഗ-നരകങ്ങളും, പുതിയ ആകാശം, പുതിയഭൂമി, നിത്യത).

21. ക്രിസ്ത്യൻ ന്യായവാദശാസ്ത്രം എന്ന ക്രിസ്ത്യൻ അപ്പോളജറ്റിക്സ്

22. വെളിപ്പാട് പുസ്തകത്തിൽ വെളിപ്പെടുന്ന ദർശനങ്ങളും പ്രവചനങ്ങളും

## യേശുക്രിസ്തുവിന്റെ ദൈവത്വം

ബൈബിളിലെ ദൈവം ഇന്നും ജീവിക്കുന്ന യഥാർത്ഥ ദൈവമാണ്. ഈ യഥാർത്ഥ ദൈവത്തിന്റെ ലക്ഷ്യം, ദൈവത്തെ നമുക്ക് പകർന്നു തരണമെന്നതാണ്. പക്ഷിമൃഗാദികളിലേക്കൊ ഇതരജീവജാലങ്ങളിലേക്കൊ ദൈവത്തിന് ദൈവത്തെ പകർന്നുകൊടുക്കുവാൻ താല്പര്യമില്ല. മനുഷ്യൻ മാത്രം ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതായതുകൊണ്ടാണ് (ഉല്പ.1:26) ദൈവം മനുഷ്യർക്ക് തന്നെത്തന്നെ കൊടുക്കുന്നത്.

മനുഷ്യന്റെ ആംഭത്തെക്കുറിച്ച് ഉല്പ.2:7-ൽ മണ്ണുകൊണ്ടാണ് അവനെ സൃഷ്ടിച്ചതെന്നും ഉല്പ.2:7-ലും 21-ലും സ്വന്തം കരങ്ങൾകൊണ്ടാണ് ദൈവം മനുഷ്യനെ ഉണ്ടാക്കിയതെന്നും സ്വന്തം ശ്വാസം കൊടുത്തു എന്നും നാം കാണുന്നു. ദൈവം മനുഷ്യനെ നേരുള്ളവരായി സൃഷ്ടിച്ചുവെന്ന് സഭാപ്രസംഗിയുടെ പുസ്തകം 7:29-ലുണ്ട്. ഏശ.43:7-ലും തന്റെ മഹത്വത്തിനായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതെന്ന് നാം വായിക്കുന്നു. സങ്കീ.100:3-ലാകട്ടെ നാം അവനുമാത്രം ഉള്ളവനാണെന്നു കണ്ടെത്തുന്നു. സങ്കീ.95:6 അനുസരിച്ച് നാം ദൈവത്തെ ആരാധിക്കേണ്ടതിനായിട്ടാണ് അവൻ നമ്മെ സൃഷ്ടിച്ചത്.

ത്രീയേകദൈവത്തിന്റെ മനുഷ്യസൃഷ്ടിപ്പ് എന്ന ആശയത്തെ പരാജയപ്പെടുത്തുവാൻ പരിണാമവാദത്തിനുപോലും കഴിയില്ല. കാരണം പരിണാമവാദമനുസരിച്ച് ആദ്യം ഉണ്ടായത് പുരുഷനൊ സ്ത്രീയോ എന്ന് നിശ്ചയമില്ല. മനുഷ്യൻ പരിണമിച്ച് വേറെയെന്തെങ്കിലും ആയതായി ഒരറിവുമില്ല. മറ്റൊരു ജീവജാലത്തിന്റെയും രക്തമോ അവയവങ്ങളോ മനുഷ്യന് യോജിക്കുന്നില്ല. ഏതു വിധത്തിൽ ചിന്തിച്ചാലും ബൈബിളിലെ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും, തന്നെ മഹത്വപ്പെടുത്തുവാൻവേണ്ടി മനുഷ്യനെ സൃഷ്ടിച്ചു എന്നാണ് ഏറ്റവും വലിയ ശരിയുടെ ശരി.

എല്ലാ മനുഷ്യരും ഒരുപോലെയാണ്; ത്വക്കൊന്നു മാറ്റിയാൽ ഇതെത്രയോ സത്യമാണ്. എല്ലാവരുടേയും രക്തവും സമാനമാണ്. എല്ലാ മനുഷ്യരിലുമുള്ള അവയവങ്ങൾ ഒരുപോലെയും അത് യോജിച്ചിരിക്കുന്നതൊരുപോലെയുമാണ്. ഈ വസ്തുത തെളിയിക്കുന്നത് മനുഷ്യർ ഏകനിൽനിന്നാണ് ഉത്ഭവിച്ചിരിക്കുന്നത് എന്നാണ്. നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളുംകഴിഞ്ഞപ്പോഴും സംസ്ക്കാരങ്ങളിലും ആചാരരീതികളിലും ഭാഷകളിലും വ്യത്യാസമുണ്ടെങ്കിലും അവന്റെ സ്വത്വം ഒന്നുതന്നെയാണ്. സെൻസസെടുത്താൽ രണ്ടായിരാമാണ്ടിൽ 600 കോടിയാണ്. 1980 കളിൽ 500 കോടിയാണ്. 70-കളിൽ 400 കോടിയും 30-കളിൽ 200 കോടിയുമാണ്. 1800-ലെ സെൻസസനുസരിച്ച് 100 കോടിയേ ഉള്ളു. ഈ കണക്കനുസരിച്ച് AD 100-ൽ ലോക ജനസംഖ്യ 200 കോടിയായിരുന്നു. BC 4000-ലേക്ക് എത്തിയാൽ ലോകജനസംഖ്യ 2 പേരിൽ ഒതുങ്ങും. ആദാമും ഹവ്വായും. ആദാമെന്ന ഏകനിൽ നിന്നാണ് ദൈവം മനുഷ്യവർഗ്ഗത്തെ ഉളവാക്കിയതെന്നും ഹവ്വായാണ് സകലമനുഷ്യരുടേയും മുതുമുത്തശ്ശി എന്നും ഉല്പ.1:27-മുതൽ 3:20 വരെ വായിക്കുമ്പോൾ നാം കണ്ടെത്തുന്നു. ആദ്യ മനുഷ്യനായ ഏകന്റെ പാപം മുഖാന്തരം എല്ലാവരിലും പാപപ്രകൃതവും മരണവും ഉണ്ടായി എന്നത് സത്യവും വചനത്താൽ ഉറപ്പിക്കപ്പെട്ടതുമാണ്. എല്ലാവരുടേയും പാപം ഉന്മൂലനം ചെയ്യുവാനും എല്ലാവർക്കും തന്നെത്തന്നെ പകർന്നുകൊടുത്തുകൊണ്ട് എല്ലാവരെയു വിശുദ്ധരാക്കുക എന്നതുമാണ് ദൈവത്തിന്റെ ഹിതമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു.

സർവ്വശക്തനായ പിതാവ് ദൈവവ്യവസ്ഥയനുസരിച്ചും ദൈവവചനവ്യവസ്ഥയനുസരിച്ചും ദൈവവചനമായയേശുക്രിസ്തുവിൽ യഥാർത്ഥത്തിൽ ആവിഷ്ക്കരിക്കപ്പെ

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

ടുകയായിരുന്നു (യോഹ.1:1-3).

അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനായ പിതാവിന് വെളിച്ചക്കൂടുതൽകൊണ്ട് മനുഷ്യരോട് നേരിട്ട് ബന്ധപ്പെടുവാൻ കഴിയുകയില്ലല്ലോ. അങ്ങനെയിരിക്കെ, മനുഷ്യപ്രകൃതിയോടുകൂടിയ പുത്രനിൽ പിതാവ് ഉടലെടുത്താൽ, തന്റെ ദിവ്യപ്രകൃതിയും മനുഷ്യപ്രകൃതിയുമായി സംയോജിപ്പിക്കുവാൻ പിതാവിന് പ്രസാദം തോന്നിയാൽ, സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയ്ക്കുള്ള മദ്ധ്യസ്ഥനായ ക്രിസ്തുവിലൂടെ നമുക്ക് ദൈവപിതാവിനോട് സമ്പർക്കം പുലർത്താം. മനുഷ്യവർഗ്ഗത്തിൽ അവതരിച്ചവനായ പുത്രനിലുള്ള പിതാവിനെ ആണ് നാം ഇവിടെ കണ്ടുപിടിക്കുന്നത്. ദൈവം മനുഷ്യനിലേക്ക് പുത്രൻ മുഖാന്തരം സ്വയം പകരുകയാണ്.

ക്രിസ്തുവിന്റെ മനുഷ്യപ്രകൃതി, ദൈവപ്രകൃതി ആയത് എങ്ങനെയെന്ന് പരിശോധിക്കാം. ഒന്നാമത്തെ ഘടകം, വചനം മറിയയിൽ മാംസംധരിച്ചു എന്നതാണ്. വചനം ജഡാവതാരം ചെയ്ത് സാരാംശം ദൈവപ്രകൃതിയോട് ഇഴുകിച്ചേരുവാൻ അവസരമുണ്ടായി. രണ്ടാമത്തെ ഘടകം മാനുഷികമായ ക്ലേശങ്ങളും ശോധനകളും ഉപദ്രവങ്ങളും യേശു അനുഭവിച്ചു എങ്കിലും അവന്റെ മരണത്തിലൂടെയും ഉയിർത്തെഴുന്നേൽപ്പിലൂടെയും ദൈവത്വം സ്വീകരിക്കുകയായിരുന്നു. ആദാമിന്റെ പാപവും മരണവും നമ്മളെ മരണത്തിന് അടിമകളാക്കിയെങ്കിൽ ക്രിസ്തുവിന്റെ മരണം നമ്മെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും വിടുവിച്ചു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം എന്ന ഘടകവും അവന്റെ സിംഹാസനാരോഹണം എന്ന ഘടകവും അഖിലാണ്ഡത്തിന്റെയും ശിരസ്സായി അവനെ ഉയർത്തിയിരിക്കുകയാണ്.

ദൈവത്തിന്റെ അടുത്തുകൂടാത്ത തേജസ്സുകൊണ്ട് നമ്മളിലേക്ക് കടന്നുവരാൻ കഴിയാത്തതുപോലെ, പുത്രന്റെ ജഡധാരണംകൊണ്ടും ജഡമായ നമ്മിലേക്ക് കടന്നുവരാനും പറ്റുന്നില്ല. എന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവിൽ (ത്രീയേകദൈവത്തിന്റെ മൂന്നാമത്തെ ആളത്വം) ഉണ്ടെന്ന് നാം തിരിച്ചറിയുമ്പോൾ അത് ഏറ്റവും വലിയ വെളിപ്പാടാകുകയാണ്.

1. ദൈവംആത്മാവാണ് (യോഹ.4:24)
2. കർത്താവ് ആത്മാവാണ് (2 കൊരി.3:17)
3. പരിശുദ്ധാത്മാവ് ആത്മാവാണെന്ന് അനേകം വചനസന്ദർഭങ്ങളിലൂടെ യുണ്ട് താനും.

ദൈവവും പുത്രനും ആത്മാവുമായ ത്രിത്വങ്ങളുടെ കൂട്ടായ്മ (ത്രീയേകദൈവം) ആത്മാവായി നമ്മുടെയുള്ളിൽ പ്രവേശിക്കുന്നു. ആദിമ സഭയിൽ ആത്മാവായി 120 പേരുടെയുള്ളിൽ പ്രവേശിച്ചത് അപ്പൊ.പ്ര.2-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

## യേശുക്രിസ്തു ആരാധനയ്ക്ക് യോഗ്യനാണ്.

ആരാധന ദൈവത്തിന് മാത്രമുള്ള അവകാശമാണെന്ന് മനസ്സിലാക്കാത്തവർ ആരും കാണുകയില്ല. പുറ.20-ൽ 3,4,5 വാക്യങ്ങളിലും ആവർത്തനം.5:6,9 വാക്യങ്ങളിലും “ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹവും ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും ഉള്ളതായ ഒന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്” എന്ന പ്രസ്താവന ദൈവവചനവ്യവസ്ഥയാണ്. ആ വ്യവസ്ഥയനുസരിച്ച് യാതൊരു മനുഷ്യനും ആരാധനയ്ക്ക് യോഗ്യനല്ല. അപ്പൊ.14:15-ൽ “നിങ്ങൾ ഈ ചെയ്യുന്നത് എന്ത്? ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനുഷ്യരത്രെ. നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ട് ആകാശവും ഭൂമിയും സമുദ്രവും അതിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയണം എന്ന സുവിശേഷം ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു” എന്ന തിരുവെഴുത്ത് നാം കാണുന്നു. അപ്പൊസ്തലന്മാരായ പൗലോസും ബർണ്ണബ്ബാസും ഇന്ദ്രൻ എന്നും ബുധൻ എന്നും അവരെ വിശേഷിപ്പിച്ചുകൊണ്ടുള്ള ആരാധന നിഷേധിക്കുകയായിരുന്നു ഇവിടെ. ദൂതന്മാരെ പോലും നാം ആരാധിക്കുവാൻ പാടില്ല. വെളി.22:8,9 വാക്യങ്ങൾ കുറിക്കാം. “ഇത് കേൾക്കുകയും കാണുകയും ചെയ്ത ശേഷം അത് എനിക്കു കാണിച്ചുതന്ന ദൂതന്റെ കാൽക്കൽ ഞാൻ വീണ് നമസ്ക്കരിച്ചു. എന്നാൽ അവൻ എന്നോട്: അരുത്; ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടേയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടേയും സഹഭൃത്യനത്രെ; ദൈവത്തെ നമസ്ക്കരിക്ക എന്നു പറഞ്ഞു”. “ഞാൻ അവനെ നമസ്ക്കരിക്കേണ്ടതിന് അവന്റെ കാൽക്കൽ വീണു. അപ്പോൾ അവൻ എന്നോട്: അരുത്; ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രെ; ദൈവത്തെ നമസ്ക്കരിക്കുക” (വെളി.19:10). ഈ തിരുവെഴുത്തുകൾ വായിക്കുമ്പോൾ ദൈവം ഒഴികെ എന്തിനേയും ആരാധിക്കുന്നതിനെ ബൈബിൾ ശകതിയുക്തം എതിർക്കുന്നു എന്നു കാണാം. യേശയ്യാവ് 42:8-ൽ “അത് തന്നെ എന്റെ നാമം,

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

എഡിറ്റോറിയൽ

ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും, എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല" എന്ന് പറഞ്ഞിട്ടുണ്ടല്ലോ.

അതായത് ദൈവവചനവ്യവസ്ഥ എന്നു പറയുന്നത് ആരാധന (നമസ്ക്കരിക്കൽ) ദൈവത്തിനു മാത്രം എന്നുള്ളതാണ്. അതിന്റെ പ്രധാന കാരണം പരമപരിശുദ്ധനും സർവ്വത്തേക്കാളും ഉന്നതനും സർവ്വവ്യാപിയും ദൈവം മാത്രമാണ്. എബ്രാ.1:6-ൽ "ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ: ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കേണം എന്നു താൻ അരുളിച്ചെയ്യുന്നു". ഇപ്രകാരമരുളിച്ചെയ്തത് യഹോവതന്നെയായതുകൊണ്ട് യേശുവിനെ മാലാഖമാർ ആരാധിക്കണം എന്ന വ്യവസ്ഥ ആരാധനയുടെ മാറ്റ് കുറയ്ക്കുകയല്ല കൂട്ടുകതന്നെയാണ് ചെയ്യുന്നത്. " അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാലൊക്കെയും മടങ്ങുകയും എല്ലാനാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടി വരും" എന്ന ഫിലി.2:9,10 വാക്യങ്ങളുടെ അർത്ഥമെന്താണ് ? ത്രിലോകരുടേയും ആരാധന സ്വീകരിക്കുന്ന ത്രിലോകനാഥനാണ് യേശുക്രിസ്തു എന്നല്ലെ.

വെളിപാട് പുസ്തകം 5-ാം അദ്ധ്യായത്തിൽ സ്വർഗ്ഗീയവാസികൾ ദൈവകുഞ്ഞാടായ യേശുക്രിസ്തുവിനെ ആരാധിക്കുന്ന രംഗം നാം കാണുന്നു. "നാലു ജീവികളും 24 മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ വീണു. പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു; നിന്റെ രക്തംകൊണ്ട് സകല ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി; ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരുമാക്കി വച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു; പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റെയും ജീവികളുടേയും മൂപ്പന്മാരുടേയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു. അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു. അവർ അത്യുച്ചത്തിൽ: അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും, ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും, സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു. സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കുകീഴിലും സമുദ്രത്തിലുള്ള സകലസൃഷ്ടിയും അവയിലുള്ളതൊക്കെയും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു. നാലു ജീവികളും ആമേൻ എന്നു പറഞ്ഞു. മൂപ്പന്മാർ വീണു നമസ്ക്കരിച്ചു"എന്നീ തിരുവെഴുത്തുകൾ നാം വായിക്കുമ്പോൾ പിതാവായ ദൈവത്തിനു തുല്യനായി പുത്രനായ യേശു എന്ന ദൈവകുഞ്ഞാട് ആരാധന സ്വീകരിക്കുന്നത് വിവേകമതികൾക്ക് കണ്ടാസ്വദിക്കുവാൻ കഴിയുന്നു.

ഈ ആരാധന 1 രാജാ.1:23-ൽ നാഥാൻ പ്രവാചകൻ ദാവീദിനെ വണങ്ങിയതുപോലെയുള്ള സംഭവമല്ല. ഈ ആരാധന ഉല്പ.23:7-ൽ ഹിത്യരെ അബ്രഹാം നമസ്ക്കരിച്ചതുപോലെയുമല്ല. ദാവീദും മനുഷ്യൻ, നാഥാനും മനുഷ്യൻ. യേശുവാകട്ടെ ദൈവവും. ഹിത്യരെ അബ്രഹാം നമസ്ക്കരിച്ചത് നാട്ടുനടപ്പനുസരിച്ചായിരുന്നു. "വിദ്വാന്മാർ യേശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു വീണ് അവനെ നമസ്ക്കരിച്ചു" (മത്താ.2:11). അവളെയല്ല നമസ്ക്കരിച്ചത്

നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ എന്ന് മത്താ.4:10-ൽ സാത്താനോട് പറഞ്ഞ യേശു, കിഴക്കുനിന്നുള്ള വിദ്വാന്മാർ വീണു നമസ്ക്കരിച്ചപ്പോൾ ഒന്നു പറഞ്ഞിട്ട് മറ്റൊന്ന് ചെയ്യുകയല്ല ചെയ്തത്. പറഞ്ഞതും പ്രവർത്തിച്ചതും ഒന്നുതന്നെയാണെന്ന് അറിയുകയാണിവിടെ. മത്താ.14:3-ൽ പടകിലുള്ളവർ "നീ ദൈവപുത്രൻ സത്യം എന്നു പറഞ്ഞ് അവനെ നമസ്ക്കരിച്ചു" എന്ന തിരുവെഴുത്തിൽ യേശു ആരാധന സ്വീകരിക്കുക തന്നെയായിരുന്നു. യോഹന്നാൻ 9-ാം അദ്ധ്യായത്തിൽ യേശുവിൽ നിന്നും കാഴ്ച പ്രാപിച്ച അന്ധൻ യേശുവിനെ ആരാധിക്കുന്നു. മത്താ.8:2-ൽ സൗഖ്യം ലഭിച്ച കുഷ്ഠരോഗി യേശുവിനെ നമസ്ക്കരിക്കുന്നു. മത്താ.9:18-ൽ പള്ളിപ്രമാണിയായ യായിറോസ് യേശുവിനെ നമസ്ക്കരിക്കുന്നു. മത്താ.15:24-ൽ കനാന്യസ്ത്രീ യേശുവിനെ ആരാധിക്കുന്നു. യോഹ.9:35-38 വരെ വാക്യങ്ങളിൽ സൗഖ്യം പ്രാപിച്ച പിറവി കുരുടൻ യേശുവിനെ നമസ്ക്കരിക്കുന്നു. പുനരുത്ഥാനംചെയ്ത യേശുവിനെ മത്താ.28:17-ലും സ്വർഗ്ഗാരോഹണത്തിനുതൊട്ടുമുമ്പ് ലൂക്ക.24:52-ലും ശിഷ്യന്മാർ ആരാധിക്കുന്നു. മത്താ.28:9-ൽ മഗ്ദലക്കാരി മറിയയ്ക്കും മറ്റേ മറിയത്തിനും അവൻ പ്രത്യക്ഷനായി. "നിങ്ങൾക്കു വന്ദനം എന്നു പറഞ്ഞു. അവർ അടുത്തു ചെന്ന് അവന്റെ

# യേശുക്രിസ്തുവിന്റെ അനിഷേധ്യ ദൈവത്വം

കാൽ പിടിച്ച് അവനെ നമസ്ക്കരിച്ചു".

ക്രിസ്തു ദൈവമായതുകൊണ്ടുതന്നെയാണ് തന്നെ ആരാധിച്ചവരോട് അത് പാടില്ല എന്ന് പറയാതിരുന്നത്. ക്രിസ്തു ദൈവമാണെന്ന് പൂർണ്ണമായി വെളിപ്പെടുത്തുവാൻ മറ്റനേകം ആശയങ്ങൾ കണ്ടെത്തുവാൻ കഴിയുമെങ്കിലും അവയിൽ എന്തുകൊണ്ടും മഹത്വമേറിയത് ഈ ആരാധന സ്വീകരിച്ചു എന്നതാണ്. അതിലൂടെ ദൈവനാമമാണ് മഹത്വമെടുത്തത്. യോഹ.20:28-ൽ അപ്പൊസ്തലനായ തോമസ് എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവെ എന്നു പറഞ്ഞപ്പോൾ തന്റെ ശിഷ്യോത്തമന്റെ ആരാധനയുടെ മുമ്പിൽ ദൈവം (ക്രിസ്തു) എല്ലാ മാനവും മഹത്വവും ഏറ്റെടുത്തുകൊണ്ട് നിർവൃതി കൊള്ളുകയായിരുന്നു. എല്ലാ നിലയിലും ആരാധനക്ക് യോഗ്യനായ ഒരു ദൈവത്തെത്തന്നെയാണ് യേശുക്രിസ്തുവിൽ നാം കണ്ടുമുട്ടുന്നത്. സൃഷ്ടി ഒരിക്കലും സൃഷ്ടിയെ ആരാധിച്ചുകൂടാ; സ്രഷ്ടാവിനെ ആരാധിക്കുകയും വേണം. പിതാവിന്റെ ആളത്വവും പുത്രന്റെ ആളത്വവും സംയുക്തമായി സമ്മേളിച്ച ഏകാത്മകയോഗം (Hypostatic Union) എന്ന ദ്വന്ദ്വസ്വഭാവം:- പരിശുദ്ധാത്മാവിനാൽ വെളിപ്പെട്ടുകിട്ടിയവർക്കുമാത്രമെ ഇത് ഗ്രഹിക്കുവാനും ഗ്രഹിപ്പിക്കുവാനും കഴിയുകയുള്ളു. യേശുക്രിസ്തു സമ്പൂർണ്ണദൈവവും സമ്പൂർണ്ണ മനുഷ്യനും ആണ്.

2 പത്രൊ.3:16-ൽ പറയുന്നതു പോലെ "അറിവില്ലാത്തവരും അസ്ഥിരരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ ഈ തിരുവെഴുത്തുകളെയും കോട്ടിക്കളയാതിരുന്നാൽ മതി". മത്താ.11:27-ൽ "എന്റെ പിതാവ് സകലതും എങ്കൽ ഏൽപ്പിച്ചിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുക്കാൻ ഇച്ഛിക്കുന്നവനുമല്ലാതെ ആരും പുത്രനെയും അറിയുന്നില്ല" എന്നു പറയുന്ന തിരുവെഴുത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന ത്രീയേകത്വം എന്ന മാർമ്മികവിഷയമാണ് പരിജ്ഞാനമുള്ളവർക്ക് മനസ്സിലാകുക ●

---



എന്റെ പേര് സുരേഷ്. ഞാൻ ഏറ്റുമാനൂരിനടുത്ത് പെട്ടിമുകൾ എന്ന സ്ഥലത്ത് താമസിക്കുന്നു. എനിക്ക് ദൈവത്തെക്കുറിച്ച് കാര്യമായി ഒന്നും അറിയില്ലായിരുന്നു. എന്നാൽ ദൈവത്തെ ഞാൻ അറിയണമെന്ന് ദൈവം ആഗ്രഹിച്ചിരുന്നതുകൊണ്ട് അതിനു കാരണമായ സംഭവം നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. ഏതാണ്ട് ഏഴ് വർഷങ്ങൾക്കുമുമ്പ് ഞാൻ തെങ്ങിൽ നിന്ന് വീഴുവാനിടയായി. എന്നെ കോഴിക്കോട് മെഡിക്കൽകോളേജിൽ കൊണ്ടുപോയി. അടുന്ന് ഡോക്ടർമാർ വലതു കാലിന് കമ്പിയിടണമെന്നു പറഞ്ഞു. അതിന് വലിയ ചിലവാകുമെന്നതിനാലും സാമ്പത്തികബുദ്ധിമുട്ട് വളരെയായതിനാലും ഞങ്ങൾ അതിന് സമ്മതിച്ചില്ല. ഞങ്ങളുടെ നിസ്സഹായാവസ്ഥ കണ്ടതുകൊണ്ടാകാം ഡോക്ടർ പറഞ്ഞു തൽക്കാലം പ്ലാസ്റ്റർ ഇട്ടുനോക്കാം, പ്രായം കുറവായതുകൊണ്ട് (അന്ന് എനിക്ക് 32 വയസ്സ് പ്രായം) ഒരു പക്ഷെ സുഖപ്പെട്ടേക്കും എന്ന്. അങ്ങനെ പ്ലാസ്റ്റർ ഇട്ട് ഏഴ് മാസത്തോളം കിടന്നു. അതിനു ശേഷം പ്ലാസ്റ്റർ എടുത്തുവെങ്കിലും വടിയുടെ സഹായത്തോടെ മാത്രമെ നടക്കാൻ കഴിഞ്ഞിരുന്നുള്ളു. പണിക്കൊന്നും പോകാൻ പറ്റുമായിരുന്നില്ല. വലതു കാലിന്റെ മുട്ടുചിരട്ടയ്ക്ക് തകരാർ പറ്റിയതിനാൽ കുറച്ചു നടക്കുമ്പോൾ തന്നെ കാലിനു നീരും പ്രയാസങ്ങളും ഉണ്ടാകും. അങ്ങനെയിരിക്കുമ്പോഴാണ് ഏറ്റുമാനൂർ താര ഓഡിറ്റോറിയത്തിൽ ദേവസ്യാ മുല്ലക്കര സാർ വരുന്നുണ്ടെന്ന് അറിയുന്നത്. ഞാനവിടെ പോകുകയും ദൈവത്തിന്റെ സത്യ വചനങ്ങൾ കേൾക്കാനും അവനെ കൂടുതൽ അറിയുവാനുമിടയായി. ഈ ദൈവം സൗഖ്യം തരുന്നവനാണെന്ന് മനസ്സിലാകുക മാത്രമല്ല എനിക്കു തന്നെ അനുഭവിക്കുവാനും സാധിച്ചു. ആ പ്രാർത്ഥനയിൽ വെച്ച് എന്റെ വടിമാറ്റുകയും ഞാൻ സ്വതന്ത്രമായി നടക്കുകയും, ഓടുകയും ഒക്കെ ചെയ്തു. എന്നെ അനുഗ്രഹിച്ച എന്റെ കർത്താവിനെ ഞാൻ സ്തുതിക്കുന്നു. പ്രാർത്ഥിച്ച സാറിനെയും കർത്താവ് ഇനിയുമിനിയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. Ph:9633196594




**കർത്താവായ** യേശുക്രിസ്തു തന്റെ ശിഷ്യന്മാരോടും അന്നത്തെ മനുഷ്യരോടും രണ്ടായിരത്തോളം വർഷങ്ങൾക്കുമുമ്പ്, മനുഷ്യശരീരത്തോടുകൂടി അവർക്ക് കാണാവുന്ന വിധത്തിൽ അവരുടെയിടയിൽ സഞ്ചരിച്ചുകൊണ്ട് എന്തൊക്കെ ഉപദേശിച്ചുവെന്നും ഏതൊക്കെ സൗഖ്യങ്ങൾ അവർക്കു കൊടുത്തുവെന്നും നമുക്കറിയാം. ഇന്ന് ആത്മാവായി വേദപുസ്തകത്തിലെ തിരുവെഴുത്തുകളിലൂടെ നമുക്ക് വെളിപ്പെടുത്തലുകൾ തന്നുകൊണ്ട് നമ്മുടെകൂടെയും അരികിലും, ഉള്ളിലും വസിച്ചുകൊണ്ട് ശിഷ്യന്മാരോട് പണ്ട് പറഞ്ഞതൊക്കെ നമ്മളെ ഓർമ്മിപ്പിക്കുകയാണ്. വായിച്ചും ചർച്ച ചെയ്തും യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾ നമ്മൾ മനസ്സിലാക്കുമ്പോൾ അവ ദൈവവചനവും, ആത്മാവും സത്യവും ജീവൻ നൽകുന്നതുമായതുകൊണ്ട് അത് നമ്മിലേയ്ക്ക് പ്രവേശിക്കുകയും ക്രിയ ചെയ്യുകയും ചെയ്യുന്നു. അപ്പോഴാണ് നമ്മളിൽ രോഗങ്ങൾ, ആന്തരികദു:ഖങ്ങൾ, അസ്വസ്ഥതകൾ, സാമ്പത്തികദുരിതങ്ങൾ ഇവയൊക്കെ ഉണ്ടെങ്കിൽ കൃപയാൽ അതെല്ലാം മാറിപ്പോകന്നത്. ക്രിസ്തീയ പെരുമാറ്റത്തിൽ ഏറ്റവും വലിയത് ഏതാണ് എന്നതും അപ്പോൾ നമുക്ക് മനസ്സിലാകും.

യോഹ.13:34-ൽ ക്രിസ്തീയ പെരുമാറ്റത്തിലെ ഏറ്റവും സുപ്രധാനമായ ഒരംശം രേഖപ്പെടുത്തിയിരിക്കുന്നു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന ഒരു പുതിയ ഒരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും". തമ്മിൽ തമ്മിൽ എന്ന് പറയുന്നതിൽ അഞ്ച് തരം സമൂഹമുണ്ട്. കൂട്ടുകാരാണ് അതിൽ പ്രധാനപ്പെട്ടത്. അവർ തമ്മിൽ തമ്മിൽ സ്നേഹിച്ചാൽ വഴക്കും ബഹളവുമൊന്നും ഉണ്ടാകയില്ല. രാഷ്ട്രീയ, മതപ്രവർത്തനങ്ങളിലാണ് രണ്ടാമത്തെ തമ്മിൽ തമ്മിലുള്ള സ്നേഹമുണ്ടാകേണ്ടത്. അങ്ങനെയാണെങ്കിൽ മതവും രാഷ്ട്രീയവും ഇടക്കിടക്ക് പിളരുകയില്ല, കൂട്ടിമുട്ടുകയുമില്ല. മൂന്നാമത്തേത് പാവങ്ങളോടുള്ള നമ്മുടെ സ്നേഹത്തെയാണ് ഉദ്ദേശിക്കുന്നത്. പാവങ്ങൾക്ക് ഇങ്ങോട്ട് സ്നേഹിക്കുവാനും പാവങ്ങളല്ലാത്തവർക്ക് അങ്ങോട്ട് സ്നേഹിക്കുവാനും എളുപ്പമല്ല. പണമുള്ളവർ ഞങ്ങൾ വേലയെടുത്താണ് പണം ഉണ്ടാക്കിയത്; അത് അവർക്ക് കൊടുക്കാനാണോ എന്ന് ചോദിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് കർത്താവ് നമ്മളോട് പറയുന്നത് പണമുള്ളവനും ഇല്ലാത്തവനും ആരോഗ്യമുള്ളവനും ഇല്ലാത്തവനും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന്. നാലാമതായി ശുശ്രൂഷകർ പരസ്പരം സ്നേഹിക്കണം. സുവിശേഷം ശുശ്രൂഷിക്കുന്നവരും വിശുദ്ധഗ്രന്ഥങ്ങൾ എന്ന് കരുതപ്പെടുന്ന ഖുറാൻ, ഭഗവദ്ഗീത മുതലായ പുസ്തകമൊക്കെ ശുശ്രൂഷിക്കുന്നവരും എന്നു പറഞ്ഞാൽ പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമെല്ലാം തമ്മിൽ തമ്മിൽ സ്നേഹിക്കണം. അഞ്ചാമതായി ക്രിസ്തു എങ്ങനെയാണൊ അന്നുണ്ടായിരുന്ന അപ്പൊസ്തലന്മാരെ സ്നേഹിച്ചത് അതുപോലെ, നാമും തമ്മിൽ തമ്മിൽ സ്നേഹിക്കണം. യൂദാ ഒറ്റാൻ വരുന്നുവെന്ന് അറിയുമ്പോൾ പോലും സ്നേഹിതാ എന്ന് വിളി

We know what our Lord Jesus Christ along with his disciples, and the people of those times did and giving advices, healing people, two thousand years before, in a human form in which they could see him travelling among them. Today in the form of spirit through the words in the Bible, giving revelation to us, he is with us, and living within us, reminding us whatever he told to his disciples in those days. When we read and discuss the addressing of Jesus Christ, as they give is the spirit, truth and the life giving, it enters us and does its work. That is when in us if we have sickness, internal sorrow, Discomfort, financial troubles all wades away with grace. That is when we realize what the biggest behavior of Christian behavior is.

John 13:34 records a part of the most important Christian behavior " A new commandment I give to you, that you love one another; as I have loved you, that you also love one another. By this all will know that you are My disciples, if you have love for one another." There are five types of societies when you say one another. Friends are the most important among them. If they love one another then there will not be any fights or quarrels. The second loving one another should happen between the politics and the religious activities. When that is the case then religion and politics will not clash with each other or get separated. The third love meant here is our love towards the poor. It is not easy for the poor to love those who are not poor, nor is it easy for those who

ച്ചു. ക്രിസ്തു എങ്ങനെയാണോ സ്വയം താഴ്ത്തി സ്നേഹിച്ചത് അതുപോലെ സ്നേഹിക്കുവാൻ യോഹ.13:34-ന്റെ രണ്ടാം ഭാഗം നമ്മളോട് പറയുകയാണ്. ഇങ്ങനെ താഴ്ത്തി എല്ലാവരെയും തമ്മിൽ തമ്മിൽ സ്നേഹിക്കാനുള്ള ഒരവസ്ഥയുണ്ടെങ്കിൽ മാത്രമെ എന്റെ ശിഷ്യന്മാരെന്ന് നിങ്ങളെ ഞാൻ കരുതൂ - എല്ലാവരും കരുതൂ എന്ന് കർത്താവ് പറയുകയാണ്.

ഇത് വളരെയയേറെ ദുഷ്ക്കരമായ ഒരു കാര്യമാണെന്ന് നമുക്ക് തോന്നും. പക്ഷെ നമ്മൾ ക്രിസ്തുവിൽ ആശ്രയിച്ചാൽ ഒരു പ്രയാസവുമില്ല. നമുക്ക് നമ്മുടെ വീട്ടിലുള്ള എല്ലാവരോടും ക്ഷമിച്ച് സ്നേഹിക്കാൻ പറ്റും. നമ്മുടെ ബന്ധുമിത്രാദികളെല്ലാവരോടും നമ്മുടെ ശത്രുക്കളാണെന്ന് കരുതുന്ന എല്ലാവരോടും വളരെയേറെ ക്ഷമിച്ച് സ്നേഹിക്കണം. യോഹന്നാൻ സുവിശേഷത്തിൽ അവിടുന്ന് പറഞ്ഞ മറ്റൊരു തിരുവെഴുത്താണ് 15:9. "പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ". ആ തിരുവെഴുത്ത് നമ്മൾ അന്യോന്യം പറയാറുള്ളതാണ്. അവിടെ ത്രിത്വത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുകയാണ്. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രീയേകദൈവം. പിതാവ് എന്നെ സ്നേഹിച്ചതുപോലെ എന്ന് എടുത്തുപറഞ്ഞുകൊണ്ട് ഞാനും നിങ്ങളെ സ്നേഹിക്കുന്നു എന്ന് പറയുകയാണ്. ഇതൊരു ആശ്ചര്യകരമായ സത്യമാണ്. നാം മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നു എന്ന ബോധ്യം നമുക്കുള്ളതിനാലാണ് നമുക്ക് അന്യോന്യം സ്നേഹിക്കാൻ കഴിയുന്നത്. നമ്മൾ മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നുണ്ട്. പ്രത്യേകിച്ചും നമ്മൾ ശിശുക്കൾ ആയിരുന്നപ്പോൾ നമ്മെ മറ്റുള്ളവർ എത്രയധികമായി സ്നേഹിച്ചു.

